# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി

## 13.03.2013-ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്

യോഗം വൈകുന്നേരം 3.15-ന് സെക്രട്ടേറിയറ്റിലെ നോർത്ത് കമ്മിറ്റി ഹാളിൽ ബഹു.പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു.

സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 07.03.2013-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

2.1 2012-13 വാർഷിക പദ്ധതി അവലോകനം

ഇതുവരെ സംസ്ഥാനതലത്തിൽ ഗ്രാമപഞ്ചായത്തുകൾ 36.5 ശതമാനവും, ബ്ലോക്ക് പഞ്ചായത്തുകൾ 56 ശതമാനവും മുനിസിപ്പാലിറ്റികൾ 31 ശതമാനവും കോർപ്പറേഷനുകൾ 17 ശതമാനവും ചെലവ് വരുത്തിയതായി റിപ്പോർട്ടു ചെയ്യപ്പെട്ടു.

**2.2** മേഖലാ തലങ്ങളിൽ നടന്നു വരുന്ന അവലോകനയോഗങ്ങളിൽ ചൂണ്ടിക്കാണിക്കപ്പെടുന്ന പരാതികൾ കോഓർഡിനേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്ത് പരിഹാര തീരുമാനങ്ങൾ കൈക്കൊള്ളുന്നുണ്ട്. കോഓർഡിനേഷൻ കമ്മിറ്റിയുടെ യോഗം നടക്കുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ അതിന്റെ മിനിട്സ് വെബ്സൈറ്റിൽ ഇടുന്നുമുണ്ട്. എന്നാൽ തീരുമാനങ്ങളുടെ അടിസ്ഥാനത്തിലുള്ള സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി അദ്ധ്യക്ഷൻ ചൂണ്ടിക്കാട്ടി, മിനിട്സ് അംഗീകരിച്ചു കഴിഞ്ഞാലുടൻ തന്നെ തീരുമാനത്തിന് ആസ്പദമായ അപേക്ഷയും നിവേദനങ്ങളും മിനിട്സിന്റെ പ്രസക്ത ഭാഗങ്ങളും മറ്റും, ബന്ധപ്പെട്ട സെക്ഷനും സീറ്റും ഏതാണെന്ന് കണ്ടെത്തി അവിടേയ്ക്ക് എത്തിക്കുന്നതിൽ കൂടുതൽ ശ്രദ്ധയും ശുഷ്കാന്തിയും ഉണ്ടാകേണ്ടതാണെന്ന് അദ്ദേഹം നിർദ്ദേശിച്ചു. അതിനാൽ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മൂന്നു ദിവസത്തിനകം തന്നെ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്ന് യോഗം തീരുമാനിച്ചു. ഇതിന്റെ പ്രാധാന്യം നേരിട്ടു ബോധ്യപ്പെടുന്നതിനും അഭിപ്രായം പ്രകടിപ്പിക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ ഡെപ്യൂട്ടി സെക്രട്ടറിമാരും കോഓർഡിനേഷൻ കമ്മിറ്റി യോഗങ്ങളിൽ പങ്കെടുക്കേണ്ടതാണെന്നും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.3** കോഓർഡിനേഷൻ കമ്മിറ്റിയിൽ ഉൾപ്പെടുന്ന മൂന്നു മന്ത്രിമാരിൽ ഒരു മന്ത്രി മാത്രമേ പങ്കെടുക്കുന്നുള്ളൂ എങ്കിൽ പോലും യോഗം നടത്താമെന്നും, പങ്കെടുക്കുന്ന മന്ത്രി മിനിട്സ് അംഗീകരിച്ചാൽ മതിയാകുമെന്നും, അത്തരം യോഗങ്ങൾക്ക് മൂന്നു മന്ത്രിമാരും ഒരുമിച്ചു പങ്കെടുക്കുന്ന സമ്പൂർണ്ണ യോഗത്തിന്റെ പദവി ഉണ്ടാകുമെന്നുമാണ് ബഹു.മുഖ്യമന്ത്രി നിർദ്ദേശിച്ചിട്ടുള്ളതെന്ന് അദ്ധ്യക്ഷൻ അറിയിച്ചു. തീരുമാനങ്ങളുടെ ചുരുക്കം അജണ്ട ക്കുറിപ്പിൽ തന്നെ രേഖപ്പെടുത്തുകയും, പങ്കെടുക്കുന്ന മന്ത്രിമാർ യോഗാവസാനം അതിൽ ഒപ്പുവച്ചു നൽകുകയും, അതനുസരിച്ച് മിനിട്സ് അംഗീകരിക്കുകയുമാണ് ഇപ്പോഴത്തെ കീഴ്വഴക്കം. ഏതെങ്കിലും മന്ത്രി

പങ്കെടുക്കാത്ത അവസരങ്ങളിൽ അവരുടെ പ്രൈവറ്റ് സെക്രട്ടറിമാരോ, അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിമാരോ യോഗതീരുമാനങ്ങൾ മനസ്സിലാക്കി മന്ത്രിമാരുടെ ശ്രദ്ധയിൽപ്പെടുത്താറുണ്ട്. അതിനാൽ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികളിൽ ഫയൽ വീണ്ടും ബന്ധപ്പെട്ട മന്ത്രിക്ക് അയയ്ക്കണം എന്ന് നിർദ്ദേശിച്ച് ഡി.എ സെക്ഷനിൽ നിന്നും പുറപ്പെടുവിച്ച സർക്കുലറിന് യാതൊരു സാംഗത്യവുമില്ലെന്നും, അതുകൊണ്ട് ആ സർക്കുലർ അടിയന്തിരമായി പൻവലിക്കണമെന്നും യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.4** പ്രത്യേക ഘടക പദ്ധതി (എസ്.സി.പി), പട്ടികവർഗ ഉപപദ്ധതി ( റ്റി.എസ്.പി) എന്നീ വിഭാഗം ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് ഒരു പരിശീലനം സംഘടിപ്പിക്കേണ്ടതാണെന്നും അതിൽ പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങളിൽപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻമാരെയും, മറ്റു ജനപ്രതിനിധികളെയും പട്ടികജാതി/പട്ടികവർഗ വികസന വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരെയും പങ്കെടുപ്പിക്കേണ്ടതാണെന്നും തീരുമാനിച്ചു. അതിനെക്കുറിച്ച് ചർച്ച ചെയ്യാൻ പട്ടികജാതി വികസന വകുപ്പിന്റെയും പട്ടികവർഗ വികസന വകുപ്പിന്റെയും ബഹു.മന്ത്രിമാരുടെയും കൂടി സാന്നിദ്ധ്യത്തിൽ പഞ്ചായത്ത് അസോസിയേഷന്റെയും മറ്റും ഭാരവാഹികളെയും ബന്ധപ്പെട്ട വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറിമാരെയും, ഡയറക്ടർമാരെയും പങ്കെടുപ്പിച്ച് വരുന്ന ഏപ്രിൽ 1-ന് ഉച്ചക്ക് 12 മണിക്ക് യോഗം ചേരാൻ നിശ്ചയിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.5** നികുതി പരിവ് (Tax effort) മാനണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് 10% normal share പുതുക്കി വിതരണം ചെയ്തുകൊണ്ട് ധനകാര്യ (ബജറ്റ്) വകുപ്പിൽ നിന്ന് പുറപ്പെടുവിച്ച 22.02.2013-ലെ ജി.ഒ.(പി) 99/2013/ഫിൻ നമ്പർ സർക്കാർ ഉത്തരവ് ഗ്രാമപഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളെയാകെ തകിടം മറിക്കുന്നതാണെന്ന് ഒട്ടേറെ പരാതികൾ ലഭിച്ചിരിക്കുകയാണെന്നും, അതിനാൽ പരാതി പരിഹരിക്കുന്നതിനുള്ള അടിയന്തിര പരിശ്രമം ഉണ്ടാകേണ്ടതാണെന്നും അദ്ധ്യക്ഷൻ ചൂണ്ടിക്കാട്ടി. വികസനഫണ്ടിന്റെ മൊത്തം കൈമാറ്റത്തിന്റെ (devolution) 10%ത്തെ സംബന്ധിച്ചിടത്തോളം പഞ്ചായത്തുകളുടെ അർഹത നിർണ്ണയിക്കുന്നതിന് ആധാരമായുള്ള നികുതി പിരിവ് സംബന്ധിച്ച കണക്കുകളിൽ ചില പിശകുകൾ കടന്നു കൂടിയതായി കണ്ടെത്തിയതിനാൽ 10% തുക ഒഴികെയുള്ള തുക മാത്രമേ റിലീസ് ചെയ്തിരുന്നുള്ളൂ എന്നും, പഞ്ചായത്ത് ഡയറക്ടറിൽ നിന്നും ലഭിച്ച പരിഷ്ക്കരിച്ച നികുതി പിരിവ് കണക്കുകൾ അനുസരിച്ചാണ് ടി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്നും ധനകാര്യ വകുപ്പിന്റെ പ്രതിനിധി വിശദീകരിച്ചു എന്നാൽ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച നികുതി പിരിവ് സംബന്ധിച്ച പരിഷ്ക്കരിച്ച കണക്കുകൾ പലതും ശരിയല്ലെന്നും ബൈസൺവാലി തുടങ്ങിയ നാൽപതോളം പഞ്ചായത്തുകളിൽ രണ്ടു വർഷത്തെ കണക്കുകൾ ഒരു രൂപയുടെ പോലും മാറ്റമില്ലാതെ ഓരേ തുക തന്നെ രണ്ടു വർവും രേഖപ്പെടുത്തി കാണുന്നു എന്നും വ്യക്തമാക്കപ്പെട്ടു. ശരിയായ കണക്കുകൾ സമർപ്പിക്കാത്തതിന്റെ വിശദീകരണം ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് തേടേണ്ടതാണെന്ന് പഞ്ചായത്ത് ഡയറക്ടറോട് നിർദ്ദേശിച്ച് തീരുമാനിച്ചു.

നിയമസഭ പാസാക്കിയ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ബജറ്റ് അനുബന്ധം 4, ധനകാര്യ കമ്മീഷൻ ശുപാർശയുടെ പേരിലാണെങ്കിലും ഒരു എക്സിക്യൂട്ടീവ് ഉത്തരവ് പ്രകാരം ഭേദഗതി ചെയ്യുന്നത് ക്രമവിരുദ്ധമാണെന്ന് ശ്രീ.സി.പി.ജോൺ ചൂണ്ടിക്കാട്ടി.

നാലാം ധനകാര്യ കമ്മീഷന്റെ ശുപാർശ അനുസരിച്ച് വികസന ഫണ്ടിന്റെ 10% തുക, തനത്ഫണ്ട് പിരിച്ചെടുക്കുന്നതിൽ മുൻവർഷ ത്തെക്കാൾ 10% വർദ്ധനവ് നേടിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു മാത്രമേ നൽകുകയുള്ളൂ എങ്കിലും പ്രധാന നികുതി വരുമാന ശ്രോതസ്സായ കെട്ടിട നികുതി (property tax) പല കാരണങ്ങൾ കൊണ്ടും പുനർ നിർണ്ണയം നടത്താൻ കഴിയാത്ത സാഹചര്യത്തിൽ പല തദ്ദേശഭരണ സ്ഥാപനങ്ങൾക്കും 10% വരുമാന വർദ്ധനവ് വരുത്താൻ കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ വികസനഫണ്ടിന്റെ 10% ലഭിക്കുന്നതിന് തനതുഫണ്ടിൽ 10% വർദ്ധനവ് വരുത്തണം എന്ന നിബന്ധന ഈ വർഷത്തേക്ക് മാത്രമായി ഒഴിവാക്കുന്നതിന് 2012-നവംബറിൽ മന്ത്രിസഭാ തീരുമാനം ഉണ്ടായിട്ടുള്ള താണെന്നും അതുകൂടി പരിഗണിച്ച് ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് ഭേദഗതി ചെയ്യേണ്ടതാണെന്നും അദ്ധ്യക്ഷൻ ചൂണ്ടിക്കാട്ടി.

ബജറ്റിൽ (അനുബന്ധം 4) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വികസനഫണ്ട് നീക്കി വച്ചത് അതത് വർഷത്തെ പദ്ധതി അടങ്കലിന് വിധേയമായി മാറ്റാവുന്നതാണെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ക്കായുള്ള കൈമാറ്റം (devolution) പദ്ധതി അടങ്കലിന്റെ 25 ശതമാനത്തിൽ കുറയരുതെന്ന് മാത്രമേ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളൂ എന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചൂണ്ടിക്കാട്ടി.

1) മന്ത്രിസഭാ തീരുമാനത്തിന്റെ വെളിച്ചത്തിൽ 23.02.2013-ലെ ജി.ഒ(ആർ.ടി)നം.483/2013/തസ്വഭവ ഉത്തരവ് നിലനിൽക്കുന്നതിനാൽ 22.02.2013-ലെ ധനകാര്യ വകുപ്പിന്റെ ഉത്തരവ് 99/2013/ഫിൻ ഉത്തരവ് പിൻവലിക്കേണ്ടതാണ്.

2) തനത് വർഷ ബഡ്ജറ്റിന്റെ അനുബന്ധം IV പ്രകാരം പഞ്ചായത്തു കൾക്ക് ലഭ്യമാകാവുന്ന തുക (നികുതി പിരിവ് വർദ്ധനവിന്റെ അടിസ്ഥാനത്തിൽ നൽകുന്നത് ഉൾപ്പെടെ) അവസാന ഗഡുവായി വിതരണം ചെയ്യേണ്ടതാണ്. അപ്രകാരം വിതരണം ചെയ്യുമ്പോൾ ധനകാര്യ വകുപ്പിന്റെ പരിശോധനയിൽ പ്രഥമ ദൃഷ്ട്യാ അനർഹമായി തുക വർദ്ധിപ്പിച്ചു നൽകിയിട്ടുള്ള തിരുവമ്പാടി പോലുള്ള പഞ്ചായത്തുകൾക്ക് തുക വിതരണം ചെയ്യേണ്ടതില്ല. ഇപ്രകാരം വികസന ഫണ്ട് വിതരണം ചെയ്യുമ്പോൾ എന്തെങ്കിലും അപാകം ഉണ്ടെങ്കിൽ ആയത് അടുത്ത സാമ്പത്തിക വർഷം പരിഹരിക്കാ വുന്നതാണ്. ഇക്കാര്യങ്ങൾ വിശദീകരിച്ച് ബഹു.മുഖ്യമന്ത്രിയുടെ അനുവാദത്തോടെ ഉടൻ തന്നെ ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2.6 ധനകാര്യ വകുപ്പിന്റെ മേൽ സൂചിപ്പിച്ച 22.02.2013-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സുലേഖ സോഫ്ട് വെയറിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ 07.03.2013-ലെ കോഓർഡിനേഷൻ കമ്മിറ്റിയുടെ 2.4 ഇനം യോഗ തീരുമാനപ്രകാരം ഇൻഫർമേഷൻ കേരളമിഷന് നിർദ്ദേശം നൽകിയിരുന്നതാണ്. ബഹു. മുഖ്യമന്ത്രിയുടെ അനുവാദത്തോടെ മേൽ സൂചിപ്പിച്ച പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ അത് മരവിപ്പിക്കാൻ നിർദ്ദേശിച്ചു.

3. പ്രത്യേക വിഷയങ്ങൾ

**3.1 നിലമ്പൂർ നഗരസഭ (ഫയൽ നം.11736/എഫ്.എം.2/13/തസ്വഭവ)**
**തീയതി. 13.03.2013**

നിലമ്പൂർ നഗരസഭയുടെ ആവശ്യം അംഗീകരിച്ചു. തനതുഫണ്ടിൽ നിന്ന് 3 ലക്ഷം രൂപ വരെ സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 കണ്ണൂർ ജില്ലാ പഞ്ചായത്ത് ( ഫയൽ നം. 6563/എഫ്.എം.2/2013/തസ്വഭവ)**
**തീയതി. 13.03.2013**

ജില്ലാ പഞ്ചായത്തിന്റെ തനത്ഫണ്ട് ലഭ്യതയെ സംബന്ധിച്ച വിവരങ്ങൾ നൽകാൻ ആവശ്യപ്പെടണമെന്നു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 കുത്തിയതോട് ഗ്രാമപഞ്ചായത്ത്**

**(ഫയൽ നം. 76161/ഇ.എം.3/12/തസ്വഭവ)തീയതി. 13.03.2013**

പഞ്ചായത്തിന്റെ ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു. എസ്.സി.പി. ഫണ്ടിൽ തുക തികയുന്നില്ലെങ്കിൽ വകുപ്പിന്റെ ഗ്യാപ് ഫില്ലിംഗ് ഫണ്ടിൽ നിന്നും ലഭ്യമാക്കാനും നിർദ്ദേശം നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്**
**(ഫയൽ നം. 12620/ഡി.എ1/13/തസ്വഭവ)തീയതി. 13.03.2013**

മാർഗരേഖയിലെ ഇപ്പോഴത്തെ വ്യവസ്ഥകൾ അനുയോജ്യമായിട്ടുള്ളവയാണെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 36059/ഡി.ഡി.3/12/തസ്വഭവ)**
**തീയതി .13.03.2013**

ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിൽ ഏതുവരെ പ്രവൃത്തികൾ ചെയ്തിട്ടുണ്ടെന്നും ഇനി ബാക്കിയുള്ളത് എന്താണെന്നും ഡി.ആർ.ഡി.എ പ്രോജക്ട് ഡയറക്ടർ അന്വേഷിച്ച് ഫോട്ടോഗ്രാഫുകൾ സഹിതം റിപ്പോർട്ട് നൽകണമെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 ഇടുക്കി ജില്ലാ പഞ്ചായത്ത് (ഫയൽ നം. 3178/ഡി.ബി.3/12/തസ്വഭവ)**
**തീയതി .13.03.2013**

ജില്ലാ പഞ്ചായത്തിന്റെ ആവശ്യം പരിഗണനാർഹമല്ലെന്ന് യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 എടവനക്കാട് ഗ്രാമപഞ്ചായത്ത് (തീയതി. 13.03.2013)**

20123-13 വാർഷിക പദ്ധതിയുടെ നിർവഹണ കാലാവധി നീട്ടണമെന്ന ആവശ്യം പരിഗണനാർഹമല്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 തൃത്താല ഗ്രാമപഞ്ചായത്ത് തീയതി. 13.03.2013**

പൊതുവിഷയം 2.5-ലെ തീരുമാനം ബാധകമാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 വെട്ടത്തൂർ ഗ്രാമപഞ്ചായത്ത് തീയതി.13.03.2013**

ഗ്രാമപഞ്ചായത്തിന്റെ 2010-11-ലെ പദ്ധതിയിലെ ഫണ്ട് നടപ്പുവർഷത്തെ പദ്ധതിക്ക് ചെലവാക്കാൻ കഴിയാത്തതിനാൽ ബാക്കി നിൽക്കുന്ന തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കണമെന്ന് യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് തീയതി. 13.03.2013**

ഗ്രാമപഞ്ചായത്തിന്റെ ആവശ്യം സംബന്ധിച്ച് 07.03.2013-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ 3.14 ഇനമായി തീരുമാനമെടുത്തിട്ടുണ്ട്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 ക്ഷീര വികസനം - നിർദ്ദേശങ്ങൾ സംബന്ധിച്ച്**

**(ഫയൽ നം.4612/ഡി.എ1/13/തസ്വഭവ) തീയതി. 13.03.2013**

വയനാട് പ്രൈമറി മിൽക്ക് സൊസൈറ്റീസ് അസോസിയേഷൻ ആവശ്യപ്പെടുന്ന വിഷയങ്ങൾ 3.12 ഇനമായിട്ടുള്ളതിൽ തീരുമാനമെടുക്കുമ്പോൾ പരിഗണിക്കാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് തീയതി.13.03.2013**

ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ നിർദ്ദേശങ്ങൾ ഉൾപ്പെടെയുള്ള ക്ഷീരവികസന മേഖലയിലെ വിവിധ ആവശ്യങ്ങൾ പരിഗണിച്ചും ക്ഷീര വികസന വകുപ്പ് ഡയറക്ടർ ഇപ്പോൾ സമർപ്പിച്ചിരിക്കുന്ന സമ്പൂർണ്ണ റിപ്പോർട്ട് പരിശോധിച്ചും ഈ മേഖലയിലെ സബ്സിഡി മാനദണ്ഡങ്ങളിൽ വരുത്തേണ്ട ഭേദഗതികൾ എന്തൊക്കെയാണെന്ന് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ 'കില'യെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 വെമ്പായം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 13804/ഡി.എ2/13)**

**തീയതി.13.03.2013**

ഗ്രാമപഞ്ചായത്തിന്റെ ആവശ്യം മാർഗരേഖയിൽ ഇപ്പോൾ തന്നെ വ്യവസ്ഥയുള്ളവയാണെന്ന് യോഗം വിലയിരുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് തീയതി.13.03.2013**

2012-13 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള കാലാവധി നീട്ടിക്കൊടുക്കണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് തീയതി.13.03.2013**

പദ്ധതി മാർഗരേഖയിൽ നിശ്ചയിച്ചിരിക്കുന്ന ധനവിനിയോഗ പരിധിയിൽ കുറഞ്ഞ പദ്ധതികൾ ഏറ്റെടുക്കുന്നതിന് പ്രത്യേകാനുവാദത്തിന് സർക്കാരിൽ ആവശ്യപ്പെടാവുന്നതാണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് തീയതി 13.03.2013** കുന്നത്തുനാട് ഗ്രാമപഞ്ചായത്തിന്റെ ആവശ്യത്തിന് പൊതു വിഷയം 2.5 ഇനമായിട്ടുള്ള തീരുമാനം ബാധകമാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 കാസർഗോഡ് ജില്ലാ പഞ്ചായത്ത് തീയതി 13.03.2013**

കാസർഗോഡ് ജില്ലാ പഞ്ചായത്ത് അറിയിച്ചിട്ടുള്ള പ്രത്യേക സാഹചര്യം പരിഗണിച്ച് ഗ്രാമപഞ്ചായത്തുകളുടെ അധീനതയിലുള്ള റോഡുകളുടെ മെയിന്റനൻസിന് അനുവാദം നൽകാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 ശുചിത്വ മിഷൻ – 2012–13 വാർഷിക സ്കീമുകൾ തീയതി 13.03.2013**

ശുചിത്വമിഷൻ ആവശ്യപ്പെട്ടിരിക്കുന്ന വിഷയം ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് അടിയന്തിരമായി സമർപ്പിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് തീയതി 13.03.2013**

തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രോജക്ട് നം. 21/2013, 34/2013 പദ്ധതികൾക്ക് അനുമതി നൽകാവുന്നതാണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 നീഴൂർ ഗ്രാമ പഞ്ചായത്ത് തീയതി 13.03.2013**

നീഴൂർ ഗ്രാമപഞ്ചായത്തിന്റെ ആവശ്യം അംഗീകരിക്കാൻ തീരുമാനിച്ചു. ഡ്രൈവറുടെ ചെലവുകൾ ഉൾപ്പെടെയുള്ള വാഹനത്തിന്റെ ആവർത്തന ചെലവുകൾ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി നിർവഹിക്കേണ്ട താണെന്നു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത് തീയതി 13.03.2013**

ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ ഇ.എം.എസ്. ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് മുൻ സെക്രട്ടറി തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം ഇല്ലാത്തതാണെന്നും അതു സംബന്ധിച്ചാണ് വിജിലൻസ് അന്വേഷണം നടക്കുന്നതെന്നും ഇപ്പോൾ തയ്യാറാക്കി യിരിക്കുന്ന ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭയുടെ അംഗീകാരത്തോടുകൂടി കമ്മിറ്റി സമർപ്പിച്ചതാണെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ച സാഹചര്യത്തിൽ ആ ലിസ്റ്റിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**(യോഗം വൈകുന്നേരം 6.00–ന് അവസാനിച്ചു)**